കേരള സർക്കാർ

# കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
ഫോൺ-0484-2422271
ഇ-മെയിൽ - doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇകെഎം (പി.13) 2124/2016

തീയതി :31.12.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് -2015 -16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
ഫോൺ-0484-2422271
ഇ-മെയിൽ - doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇകെഎം (പി.13)2124/2016

തീയതി : 31.12.2016

## എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 31.03.2015 മുതൽ 28.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.11.2016 മുതൽ 06.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ടെസ്സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ റഷീദ് സി എം ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷൈബി ഇ ഡി , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ സന്തോഷ് കുമാർ എം , ഓഡിറ്റർ ( എച്ച് ജി ) |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി മിനി വർഗ്ഗീസ് | 1.4.2015 | 19.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 20.10.2015 | 18.11.2015 |

| | | | |
|---|---|---|---|
| | ശ്രീ എം പി ലോനപ്പൻ | 19.11.2015 | 31.03.2016 |
| വൈസ് പ്രസിഡന്റ് | ശ്രീ കെ ടി പൗലോസ് | 1.4.2015 | 19.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 20.10.2015 | 18.11.2015 |
| | ശ്രീമതി ഹണി ഡേവീസ് | 19.11.2015 | 31.03.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺസ് | | | |
| വികസനം | ശ്രീമതി റൂബി ഡേവിസ് | 1.4.2015 | 19.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 20.10.2015 | 18.11.2015 |
| | ശ്രീ സെബാസ്റ്റ്യൻ പോൾ | 19.11.2015 | 31.03.2016 |
| ക്ഷേമകാര്യം | ശ്രീ തോമസ് കോയ്ക്കര | 1.4.2015 | 19.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 20.10.2015 | 18.11.2015 |
| | ശ്രീമതി ഗ്രേസി ദയാനന്ദൻ | 19.11.2015 | 31.03.2016 |
| വിദ്യാഭ്യാസം & ആരോഗ്യം | ശ്രീമതി ഗീത അജിത്ത് കുമാർ | 1.4.2015 | 19.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 20.10.2015 | 18.11.2015 |
| | ശ്രീ. പി. അശോകൻ | 19.11.2015 | 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീമതി . പി രാജലക്ഷ്മി | 1.4.2015 | 31.3.2016 |
| കൃഷി ഓഫീസർ | ശ്രീ ബോബൻ പോൾ | 01.04.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബിനോ സേവ്യർ | 01.04.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) യാണ് നിർവ്വഹണം നടത്തിയത് | 01.04.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സിന്ധു | 01.04.2015 | 31.3.2016 |
| വെറ്ററിനറി സർജൻ | ഡോ. ഹെന കൃഷ്ണ | 01.04.2015 | 31.3.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സാലമ്മ | 1.4.2015 | 18.12.2015 |
| | ഒഴിവ് | 19.12.2015 | 30.12.2015 |
| | ശ്രീമതി ദിവ്യ | 31.12.2015 | 31.3.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാഞ്ഞൂർ | ശ്രീമതി രേശ്മ | 1.4.2015 | 19.09.2015 |
| | ശ്രീ ഹർഷാദ് | 20.09.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പാറപ്പുറം | ശ്രീമതി ലളിതാംബിക | 1.4.2015 | 03.6.2015 |
| | ശ്രീമതി രേശ്മ ( ചാർജ് ) | 04.06.15 | 31.3.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ടി. എസ് പ്രസാദ് | 1.4.2015 | 31.3.2016 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ എ ഒ തോമസ് | 1.4.2015 | 31.3.2016 |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി അജിതമോൾ കെ എ | 1.4.2015 | 31.3.2016 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | അഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | കെട്ടിട നികുതി - അപാകതകൾ | 2-1 | |
| 13 | തൊഴിൽ നികുതി -അപാകതകൾ | 2-2 | |
| 14 | കമ്മ്യൂണിറ്റി ഹാൾ വാടക-അപാകതകൾ | 2-3 | |
| 15 | പരസ്യ നികുതി -അപാകതകൾ. | 2-4 | |
| 16 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 2-5 | |
| | ഭാഗം-3 | | |
| 17 | നൽകിയ തുകക്ക് മുഴുവനായും മരുന്നുകൾ ലഭിച്ചിട്ടില്ല | 3-1 | |
| 18 | ഗുണഭോക്തൃസമിതി പ്രവൃത്തികൾ അപാകതകൾ | 3-2 | |
| 19 | ഓഡിറ്റ് ഇംപാക്റ്റ് | 3-3 | |
| | ഭാഗം 4 | | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 25 | ഓഡിറ്റ് റിക്കവറി | 4-6 | |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 | |
| 30 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 | |
| 31 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 | |
| 32 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് 27/03/2015ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. 29/02/2016 തീയതിയിലെ തീരുമാനം ഒന്ന് പ്രകാരം 2015-16 വർഷത്തിലെ ബജറ്റ് പുതുക്കി. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടേയും യഥാർത്ഥ വരവ് ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| 2015-16 ബജറ്റ് പ്രകാരം | 91585379.50 | 91122882 |
| 2015-16 വാർഷിക കണക്ക് പ്രകാരം | 38608703 | 49880786 |
| അന്തരം | 52976676.50 | 41242096 |
| ശതമാനം | 57.84 | 45.25 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവും തമ്മിൽ കോടികളുടെ വ്യത്യാസം ആണ് ഉള്ളത്. ബജറ്റ് പ്രകാരമുള്ള വരവിന്റെ 42% മാത്രമാണ് വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ്. ചെലവ് ബജറ്റിലുള്ളതിന്റെ 54.7 ശതമാനവും. ബജറ്റിലും വാർഷിക കണക്കിലും വലിയ അന്തരം ഉണ്ടായിട്ടുള്ളത് പ്രധാനമായും താഴെ പറയുന്ന ഇനങ്ങളിലാണ്.

| ഇനം | വരവ് | | |
|---|---|---|---|
| | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | അന്തരം |
| നികുതി വരവ് | 4750115 | 3431302 | 1318813 |

| | | | |
|---|---|---|---|
| ഫീസ് & യൂസർ ചാർജ്ജസ് | 459264 | 233561 | 225703 |
| സെയിൽ & ഹയർ ചാർജ്ജസ് | 2551000 | 381233 | 2169767 |
| റവന്യൂ ഗ്രാന്റ്സ്, കോൺട്രിബ്യൂഷൻസ് | 11000000 | 32391964 | 21391964 |
| | ചെലവ് | | |
| എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 5799000 | 1818860 | 3980140 |
| ഓപ്പറേഷൻസ് & മെയിന്റനൻസ് | 5330000 | 4159511 | 1170489 |
| വികേന്ദ്രീകരണ ആസൂത്രണം-ഉത്പാദന മേഖല | 4140000 | 2778658 | 1361342 |
| വികേന്ദ്രീകരണ ആസൂത്രണം-സേവന മേഖല | 18435191 | 7744845 | 10690346 |
| മെയിന്റനൻസ് പ്രോജക്ട്സ് | 12200000 | 10730433 | 1469567 |

മുൻ വർഷങ്ങളിലെ യഥാർത്ഥ വരവ് ചെലവുകൾക്കനുസൃതമായി ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 17.08.2016 |

വാർഷിക ധനകാര്യപത്രിക നിശ്ചിത സമയപരിധിയിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ഓഡിറ്റിന്റെ ഭാഗമായി പരിശോധന നടത്തി . അപാകതകൾ ഇല്ല. അക്കൗണ്ട്സ് സർട്ടിഫിക്കറ്റ് അനുബന്ധം 1 പ്രകാരം ചേർത്തിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18656796 |
| വരവ് | 38608703 |
| ആകെ | 57265499 |
| ചെലവ് | 49880786 |
| നീക്കിയിരിപ്പ് | 7384713 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 4289329 |

വലിയ തുകയാണ് വസ്തുനികുതി കുടിശ്ശികയായി ഉള്ളത്. പഞ്ചായത്തിന് ലഭിക്കാനുള്ള വസ്തു നികുതി കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട അടുത്ത നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | ട്രാൻ സ്ഫർ ക്രഡിറ്റ് | നീ ക്കി ബാ ക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 689180 | 8767820 | 9457000 | 6339924 | (+)2958165 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 1194472 | 3757472 | 4951944 | 2524645 | (_) 904472 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 55000 | 55000 | 55000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1140903 | 13854000 | 14994903 | 14649943 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 70743 | 2320000 | 2390743 | 1985284 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 515692 | 3996645 | 4512337 | 1575283 | (-)1605163 | 0 |
| ലോക ബാങ്ക് സഹായം | 1974000 | 448530 | 2422530 | 1966651 | (-) 448530 | 0 |

ചെലവഴിക്കാതെ പോയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് | ചെലവഴിക്കാതെ പോയ തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 3117076 |
| വികസന ഫണ്ട്(എസ്.സി.പി) | 1522827 |
| വികസന ഫണ്ട്(ടി.എസ്.പി) | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 344960 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 405459 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1331891 |
| ലോക ബാങ്ക് സഹായം | 7349 |
| ആകെ | 6729562 |

വിവിധ ഫണ്ടിനങ്ങളിലായി 6729562 രൂപ ചെലവഴിക്കാതെ പോയി. കൂടുതൽ പ്രൊജക്റ്റുകൾ തയ്യാറാക്കി മുഴുവൻ തുകയും ചെലവഴിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 163 | 39454557 | 135 | 32402350 | 17 | 11 | 82 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാത് വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4015744 | 3464902 | 550842 | (-) 13.72 |
| നികുതിയേതര വരവുകൾ | 2372658 | 799024 | 1573634 | (-) 66.32 |
| മറ്റുവരവുകൾ | 92025 | 46949 | 45076 | (-) 48.98 |
| ആകെ | 6480427 | 4310875 | 2169552 | (-) 129.02 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45120 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 4121070 | 498 |
| വിധവാപെൻഷൻ | 6923840 | 645 |
| വാർദ്ധക്യകാല പെൻഷൻ | 11142690 | 1420 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2455045 | 228 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 506720 | 50 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 06.12.2016 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 9893 /-രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1. ഫ്രണ്ട് ഓഫീസ് പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ വളരെ അപര്യാപ്തമായ സൗകര്യങ്ങൾ

മാത്രമാണ് ഉള്ളത്. ക്യാഷ് കൗണ്ടറും ഇതര ഭാഗങ്ങളും തമ്മിൽ വ്യക്തമായ വേർതിരിവ് ഇല്ല. ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യം വളരെ അപര്യാപ്തമാണ് .

2. വസ്തുനികുതി പിരിവ് : 2015-16 വർഷം ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി 4289329.00 രൂപ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. കുടിശ്ശികയായിട്ടുള്ള വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
3. പേഴ്സണൽ രജിസ്റ്റർ (തൻപതിവേട്): തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് തീർപ്പാക്കിയതിന്റെ വിവരം പലതിലും രേഖപ്പെടുത്തിയിട്ടില്ല. ഒരു രജിസ്റ്ററിലും മാസാവസാനം തന്മാസം തീർപ്പാക്കിയതും ഇനി തീർപ്പാക്കാനുമുള്ള ഫയലുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേഴ്സണൽ രജിസ്റ്ററുകൾ മേലധികാരികൾക്ക് സമർപ്പിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.09.2016 | ജൂലൈ 2016 | 15.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2015 മുതൽ 12.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 02.06.2015 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നികുതി - അപാകതകൾ

1. 2015-16 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം m2 | നിരക്ക് | അപാകത |
|---|---|---|---|---|---|
| 1 | II/400-B | അനിലൻ പി | 300.8 | നികുതി നിർണ്ണയിച്ച നിരക്ക്-6 നികുതി നിർണ്ണയിക്കേണ്ട നിരക്ക്-6 | പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന് ടൈൽസ് ഉപയോഗിച്ചുള്ള തറനിർമ്മിതി യ്ക്കുള്ള 15% വർദ്ധന ഈടാക്കിയില്ല. |
| 2 | XI/188-B | ബിജു,ഔസേഫ്,മേരി ഇടശ്ശേരി | 239.19 | നികുതി നിർണ്ണയിച്ച നിരക്ക്-6 | പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന് |

| | | | | | |
|---|---|---|---|---|---|
| | | | | നികുതി നിർണ്ണയിക്കേണ്ട നിരക്ക് -6 | പ്ലാൻ പ്രകാരം 5മീറ്ററിൽ കൂടുതലുള്ള വഴിയ്ക്ക് 20% വർദ്ധന ഈടാക്കിയില്ല. |
| 3 | VII/260-A | റോബർട്ട് & ത്രേസ്യ | 49.68 | നികുതി നിർണ്ണയിച്ച നിരക്ക്-20 നികുതി നിർണ്ണയിക്കേണ്ട നിരക്ക്-40 | വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച |
| 4 | VIII/108-A | സലിംബാബ | 220.47 | നികുതി നിർണ്ണയിച്ച നിരക്ക്-50 നികുതി നിർണ്ണയിക്കേണ്ട നിരക്ക്-70 | വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ച |
| 5 | XI/311-H | സെക്രട്ടറി, കിഴക്കും ഭാഗം സർവ്വീസ് സഹകരണ സംഘം | 139.75 | നികുതി നിർണ്ണയിച്ച നിരക്ക്-50 നികുതി നിർണ്ണയിക്കേണ്ട നിരക്ക്-70 | വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ച |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് കൂടിയനിരക്കിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.നികുതി നിർണ്ണയരജിസ്റ്ററിൽ നികുതി നിർണ്ണയ തീയതി രേഖപ്പെടുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി -അപാകതകൾ.

a) 2015-16സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച സ്ഥാപനനികുതി അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | കാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 2 | കിഴക്കും ഭാഗം സർവ്വീസ് സഹകരണ ബാങ്ക് |
| 3 | കെ എസ് എഫ് ഇ കാഞ്ഞൂർ ബ്രാഞ്ച്( II nd Half) |

| | |
|---|---|
| 4 | ബി എസ് എൻ എൽ ഓഫീസ് കാഞ്ഞൂർ |
| 5 | കെ എസ് ഇ ബി കാഞ്ഞൂർ |
| 6 | മാവേലി സ്റ്റോർ കാഞ്ഞൂർ |

ഈ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) 2015-16സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ചൊവ്വര ദേവസ്വം ഓഫീസ്( Ist Half) |
| 2 | ഹോളി ഫാമിലി വിമല ഹോസ്പിറ്റൽ കാഞ്ഞൂർ(ചെങ്ങൽ) |
| 3 | ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് മീഡിയം സ്കൂൾ കാഞ്ഞൂർ' |
| 4 | ടോഷ്മ റബ്ബർ പ്രോഡക്ട്സ്( II nd Half) |
| 5 | മലബാർ ഹോളൊ ബ്രിക്സ്( Ist Half) |
| 6 | സ്റ്റാർ മോഡേൺ റൈസ് മിൽ കാഞ്ഞൂർ ( Ist Half) |
| 7 | സെൻറ് ആൻറണീസ് റൈസ് മിൽ ( Ist Half) |

ഈ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കമ്മ്യൂണിറ്റി ഹാൾ വാടക-അപാകതകൾ.

2015-16 വർഷത്തിൽ ധനകാര്യപത്രിക പ്രകാരം കമ്മ്യൂണിറ്റി ഹാൾ വാടക നൽകിയ ഇനത്തിൽ പഞ്ചായത്തിന് 7300/- രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ബൈ ലോ തയ്യാറാക്കി അംഗീകരിക്കുകയും വാടക നിശ്ചയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കുകയും ചെയ്യുന്നതായി കാണുന്നില്ല. ബൈ ലോ തയ്യാറാക്കി അംഗീകരിച്ച് വാടക നിശ്ചയിക്കേണ്ടതും വരുമാനം രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 2-4 പരസ്യ നികുതി -അപാകതകൾ.

ധനകാര്യപത്രിക പ്രകാരം പരസ്യ നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാനം ലഭിച്ചിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിയ്ക്കുന്നതിനുള്ള നികുതി പിരിച്ചെടുക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. പരസ്യ നികുതി ഈടാക്കുന്നതിനായി ബൈ ലോ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിയ്ക്കുന്നതിന് നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ 10 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ വസ്തു നികുതി തിട്ടപ്പെടുത്തി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വൻ വരുമാന നഷ്ടം ആണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എല്ലാ മൊബൈൽ ടവറുകളുടെയും വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നൽകിയ തുകക്ക് മുഴുവനായും മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയാണ് മരുന്നുകൾ വാങ്ങുന്നത്. എന്നാൽ മുൻകൂർ നൽകിയ തുകക്ക് മുഴുവനായും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കാത്തതിന്റെ വിവരം താഴെചേർക്കുന്നു.

| പ്രോജക്ട് നം | ബിൽ നം. തീ. | നൽകിയ തുക | ലഭ്യമായ മരുന്നിന്റെ വില | ഇൻവോയ്സ് നം. തീ. | ബാക്കി തുക |
|---|---|---|---|---|---|
| എസ് 0036/16,പി എച്ച്സിയിലേക്ക് മരുന്ന് | 3/15-16, 23-11-15 | 72614 | 5761 | 1830/4-7-16 | 10474 |
| | | | 8566 | 396/23-4-16 | |
| | 15/15-16 29-3-16 | 39070 | 42689 | 3136/21-12-15 | |
| | | | 7518 | 3540/8-1-16 | |
| | | | 2356 | 4434/17-12-16 | |
| | | | 34320 | 1834/4-7-16 | |
| S0037/16, മാനസികരോഗികൾക്ക് മരുന്ന് | 8/15-16, 23-2-16 | 37806 | 10094 | 320/21-4-16 | 86926 |
| | 14/15-16, 23-3-16 | 162194 | 19510 | 2715/25-6-16 | |
| | | | 33335 | 1833/4-7-16 | |
| | | | 50135 | 3995/25-10-16 | |
| S0039/16,പാലിയേറ്റീവ് കെയറിനു വേണ്ട മരുന്നും മറ്റ് വസ്തുക്കളും | 2/15-16, 23-11-15 | 74018 | 34991 | 3137/15-12-15 | 720 |
| | | | 20324 | 3538/8-1-15 | |
| | | | 17983 | 2964/20-9-16 | |
| ആകെ | | | | | 98120 |

മേൽപ്പറഞ്ഞ മരുന്നുകൾ ലഭിച്ച ഇൻവോയ്സുകളുടെ തീയതി പരിശോധിച്ചതിൽ, തുക നൽകി മാസങ്ങൾക്കുശേഷമാണ് മരുന്നുകൾ ലഭിക്കുന്നതെന്ന് കാണുന്നു. തന്നെയുമല്ല, പല ഘട്ടങ്ങളായാണ്

ലഭിക്കുന്നത്. ഇപ്പോഴും മുഴുവനായും ലഭിച്ചിട്ടുമില്ല. വളരെ അവശ്യം വേണ്ട മരുന്നുകൾ ഇപ്രകാരം തവണകളായി ലഭ്യമാക്കുന്നത് വളരെ ഗൗരവതരമായ വീഴ്ചയാണ്. ബാക്കി നിൽക്കുന്ന തുകക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കാത്തതിനാൽ 98120 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ഗുണഭോക്തൃസമിതി പ്രവൃത്തികൾ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതി വഴി ചെയ്യുന്ന പ്രവൃത്തികളാണ്. വികേന്ദ്രീകൃതാസൂത്രണപദ്ധതിയുടെ ആദ്യഘട്ടം മുതൽ ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ നടത്താനുള്ള ശ്രമങ്ങൾ സർക്കാർ സജീവമാക്കി യിരുന്നതിന്റെ ഒരു പ്രധാന കാരണം പ്രാദേശികവികസനത്തിൽ പ്രദേശവാസികളുടെ പങ്കാളിത്തം, ഉറപ്പാക്കാനും, അധിക വിഭവ സമാഹരണവും, സോഷ്യൽ മോണിറ്ററിഗും, കാര്യക്ഷമമാക്കാനും അത് വഴിതെളിക്കും എന്നതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ഗുണഭോക്തൃസമിതി രൂപീകരണം സംബന്ധിച്ച് കാലാകാലാങ്ങളിൽ ഇറങ്ങിയിട്ടുള്ള ഉത്തരവുകൾ, എന്നിവയിലൂടെ എപ്രകാരമാണ് ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ, ഈ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നുണ്ട് എന്ന് പറയാനാവില്ല.

പ്രവൃത്തി നിർവ്വഹണത്തിൽ കണ്ട പ്രധാന അപാകതകൾ താഴെപ്പറയുന്നു.

1.1997-ലെ കേരള പഞ്ചായത്ത് രാജ്( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം,13-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം, സമിതി വരവു ചെലവ് കണക്കുകൾ അതത് സമയം പരിശോധിക്കുകയോ വിലയിരുത്തുകയോ ചെയ്യുന്നില്ല .

2. ഗുണഭോക്തൃസമിതി, കരാർ വെയ്ക്കുന്നുണ്ടെങ്കിലും, അത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. സമിതി അംഗങ്ങൾ എല്ലാവരും കരാറിൽ ഒപ്പുവെയ്ക്കുന്നതായി കാണുന്നില്ല.

3. കൺവീനറുടെയും, ചെയർമാന്റെയും, സംയുക്ത അക്കൗണ്ട് തുടങ്ങി വേണം പണമിടപാടുകൾ നടത്താൻ എന്ന നിർദ്ദേശവും കൃത്യമായി പാലിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടതിനു ശേഷം, ജോയിന്റ് അക്കൗണ്ട് ക്ലോസ് ചെയ്ത് , അക്കൗണ്ടിൽ ബാക്കി തുക ഉണ്ടെങ്കിൽ അത് പിൻവലിച്ച് പഞ്ചായത്തിൽ തിരിച്ചടയ്ക്കേണ്ടതുമാണ്.

4. ടാറിംഗ്-റീടാറിംഗ് വേലകളിൽ ഫയലുകൾക്കൊപ്പം ഒറിജിനൽ ബിറ്റുമെൻ പർച്ചേയ്സ് ബില്ലുകൾക്കു പകരം ഒരു കൈപ്പറ്റു രസീത് മാത്രമേ കാണുന്നുള്ളൂ.

6. സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും, സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ നിരക്ക്, അളവ്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ല് , രസീത് എന്നിവ നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്, എന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

7. മസ്റ്റർ റോളുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തൊഴിലാളികൾ തീയതി വെച്ച് ഒപ്പിടണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല അത്തരം മസ്റ്റർ റോളുകൾ അസാധുവായി പരിഗണിച്ച് , വൗച്ചറുകളായി കണക്കാക്കാൻ പാടില്ല എന്ന നിർദ്ദേശം കർശനമായി പാലിക്കണം.

8. നിലവിൽ 15,00,000/- രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾ ഗുണഭോക്തൃസമിതികൾക്ക് ഏറ്റെടുക്കാമെങ്കിലും, 'ടാറിംഗ്-റീടാറിംഗ്', പോലെ സാങ്കേതിക വൈഭവവും, യന്ത്രസാമഗ്രികൾ ആവശ്യമായി വരുന്ന വേലകളും, കെട്ടിടനിർമ്മാണങ്ങളും ഏറ്റെടുക്കേണ്ടി വരുമ്പോൾ, അതിനുള്ള ക്ഷമത പ്രസ്തുത ഗുണഭോക്തൃസമിതികൾക്ക് ഉണ്ടോ എന്നത് നിർവ്വഹണഉദ്യോഗസ്ഥരും, ഗ്രാമ പഞ്ചായത്ത്

സമിതിയും പ്രത്യേകം പരിഗണിക്കേണ്ടതാണ് . 23.09.1997 -ന്റെ 216/97/LAD 12.11.1997 -ന്റെ 254/97/LAD നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ 15(5) വകുപ്പ് പ്രകാരം ബിനാമി ഇടപാട് ശിക്ഷാർഹമായ കുറ്റമാണ്. ബിനാമി ഇടപാട് ഉണ്ടാവുകയാണെങ്കിൽ ഗുണഭോക്തൃസമിതിയുമായി വെച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു ഏജൻസി വഴി പ്രവൃത്തി പൂർത്തീകരിക്കപ്പെടുന്നതും, പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് സമിതിയുടെ പേരിൽ ശിക്ഷാനടപടികൾ എടുക്കാവുന്നതുമാണ്.

9.മരാമത്ത് പണികൾ വിഭജിച്ച് ചെറിയ വർക്കുകളാക്കി കൺവീനർമാർക്ക് നൽകി .

24-6-2015 – ലെ 34 -ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം 2015-16 വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് പണികളുടെ ഗുണഭോക്തൃനിർവ്വഹണ സമിതികളേയും ഗുണഭോക്തൃസമിതി ചെയർമാൻ, കൺവീനർ എന്നിവരേയും അംഗീകരിച്ചി ട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന ഒരേ പണികൾ പലതായി ചെയ്തുകാണുന്നു.
വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ട് | തുക | കൺവീനർ |
|---|---|---|---|---|
| 1 | 69/16 | പള്ളി ആറങ്കാവ് റോഡിൽ ഐറിഷ് കാന നിർമ്മാണം W.V | 283552 | പി ഡി സേവ്യർ |
| | 72/16 | പള്ളി ആറങ്കാവ് റോഡിൽ ഐറിഷ് കാന നിർമ്മാണം W.VI | 100000 | എ വി ജോണി |
| | 76/16 | പള്ളി ആറങ്കാവ് റോഡിൽ ഐറിഷ് കാന നിർമ്മാണം W.VII | 490000 | ട്രീജൻ ജോർജ് |
| 2 | 104/16 | നമ്പ്യാർ റോഡ് റീടാറിംഗും ഐറിഷ് കാന നിർമ്മാണവും W.XII | 490000 | ലതിക ശിവൻ |
| | 105/16 | നമ്പ്യാർ റോഡ് റീടാറിംഗും ഐറിഷ് കാന നിർമ്മാണവും W.XII | 486389 | ലതിക ശിവൻ |
| 3 | 79/16 | ഉപ്പൂട്ടികടവ് റോഡ് റീടാറിംഗ് ആദ്യ ഭാഗം | 495000 | പി കെ കുട്ടപ്പൻ പതിയാടൻ |
| | 80/16 | ഉപ്പൂട്ടികടവ് റോഡ് റീടാറിംഗ് അവസാന ഭാഗം | 344100 | ടി കെ സുബ്രഹ്മണ്യൻ |
| 4 | 98/16 | പുതിയേടം അമ്പലം ആദ്യഭാഗം ഐറിഷ് കാന നിർമ്മാണം 11 | 400000 | സുരേഷ് പി എ |
| | 101/16 | പുതിയേടം അമ്പലം മദ്ധ്യഭാഗം ഐറിഷ് കാന നിർമ്മാണം 11 | 350000 | സുരേഷ് പി എ |
| | 103/16 | പുതിയേടം അമ്പലം അവസാനഭാഗം ഐറിഷ് കാന നിർമ്മാണം 11 | 344100 | സുരേഷ് പി എ |

ഗുണഭോക്തൃസമിതി പ്രവൃത്തികൾ അപാകതകൾ കൂടാതെ നിർവ്വഹിക്കേണ്ടതാണ് .

## 3-3 ഓഡിറ്റ് ഇംപാക്ട്

മരാമത്ത് പ്രവൃത്തിയിക്ക് അധികം നൽകിയ 3821 രൂപ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ചു. അതിർത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയിൽ സിമന്റ് പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകിയതിനാലാണ് 3821 രൂപയുടെ നഷ്ടം സംഭവിച്ചത് . വിശദവിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് | ഹെർബർട്ട് കോളനിയിലെ അതിർത്തി കെട്ടി സംരക്ഷണം , വാർഡ് 15 |
| പ്രോജക്ട് നം. | S0133/16 |
| ചെലവ് | 461673/- |
| അളവ് പുസ്തകം | 26 /15-16 |

പ്രവൃത്തിയുടെ അഞ്ചാം ഇനമായി ഉൾപ്പെടുത്തിയ പ്ലാസ്റ്ററിംഗിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| ഇനം | പ്ലാസ്റ്ററിംഗ് വിത്ത് സിമന്റ് മോർട്ടാർ 1:4:12 mm |
| എം ബുക്ക് പേജ് നം | 20 |
| അളവ് | 121.30 എം സ്ക്വയർ |
| നിരക്ക് | 229.00/ എം സ്ക്വയർ |
| തുക | 27777.70 രൂപ |
| നൽകേണ്ട തുക ( @ 197.50 / എം സ്ക്വയർ ) | 23956.75 രൂപ |
| അധികം നൽകിയ തുക | 3821 രൂപ |

ഇക്കാര്യം 30.11.2016 ൽ 1-ാം നം ഓഡിറ്റ് എൻക്വയറി മുഖാന്തിരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ നഷ്ടതുക 05.12.2016 ൽ 11607103179 നം രസീത് പ്രകാരം അടച്ചു .

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 260700 | പൂരകപോഷകാഹാര പദ്ധതി | 260700 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് മീറ്റർ ഇൻസ്റ്റലേഷൻ | 77265/17.09.2016 | 300000 | 300000 | 0 |
| കെഎസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 071831/28.01.2016 | 5747 | 5747 | 0 |

| | | | | | |
|---|---|---|---|---|---|
| | 10-ാം വാർഡ് | | | | |
| കെഎസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ 10-ാം വാർഡ് | 071832/28.01.2016 | 9952 | 9952 | 0 |
| കെഎസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ , ട്യൂബ് സെറ്റ് വാങ്ങൽ | 074053/19.03.2016 | 43430 | 43430 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | അനുവദിച്ച വായ്പ തുക | പിൻവലിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ(ആർ.ടി) 849/2010 /തസ്വഭവ തീ. 12.03.2010 | 1,06,63,500 | 24,22,500/- | 1634464/- | 2,96,893/- | ---- | 1337571/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വരവില്ല .

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1997-98 | | | അദ്ധ്യായം IV 7(64) Page no.56 | 65,018/- | | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 28 | 2003-04 | അദ്ധ്യായം III 7(9)1 Page no.71 | 2,03,000 | സോഡിയം വേപ്പർ ലാമ്പ്, ട്യൂബ് സെറ്റ് തുടങ്ങിയവ വാങ്ങിയതിലെ ക്രമക്കേട് | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 33 | 2003-04 | അദ്ധ്യായം III 7(9)1 Page no.72 | 50,000 | കമ്യൂണിറ്റി ഹാൾ നിർമ്മാണം- അഡ്വാൻസ് കൈപ്പറ്റി പണിയൊന്നും ചെയ്യാത്തത് സംബന്ധിച്ച് | തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38608703 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49880786 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 98120 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 98120 | ഡോ. സിന്ധു, മെഡിക്കൽ ഓഫീസർ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി | കുറിപ്പുകൾ |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.(പി-4)586/05/ | |
| 1997-98 | എൽ.എഫ്.ഇ.(പി-4)589/00/27.10.2000 | |
| 1998-99 (ചെലവ്) | എൽ.എഫ്.ഇ(പി-4)846/03/12.11.2003 | |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി-4)578/05/31.03.2006 | |
| 1999-00, 2001-02 (ചെലവ്) | എൽ.എഫ്.ഇ(പി-4)1696/03/ | |
| 2000-01 | എൽ.എഫ്.ഇ(പി-4)1390/06/23.10.2007 | |
| 2001-02 (വരവ്) | എൽ.എഫ്.ഇ(പി-4)1391/06/23.10.2007 | |
| 2002-03 | എൽ.എഫ്.ഇ(പി-4)592എ/10/16.06.2011 | |
| 2003-04 | എൽ.എഫ്.ഇ(പി-4)592/10/16.06.2011 | |
| 2004-05 | എൽ.എഫ്.ഇ(പി-4)593/10/05.07.2011 | |
| 2005-06 | എൽ.എഫ്.ഇ(പി-4)594/10/05.07.2011 | |
| 2006-07 | എൽ.എഫ്.ഇ(പി-4)242/08/04.04.2008 | |
| 2007-08 | എൽ.എഫ്.ഇ(പി-4)1704/11/16.04.2012 | |
| 2008-09 | എൽ.എഫ്.ഇ(പി-4)1705/11/16.04.2012 | |
| 2009-10 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 | |
| 2010-11 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 | |
| 2011-12 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 | |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി-4)1773/14/06.04.2015 | |
| 2014 - 15 | എൽ.എഫ്.ഇ(പി.1) 1078/16/01.07.2016 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

## <u>അനുബന്ധം -1</u>

### <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ , കാക്കനാട്
പിൻ കോഡ് – 682 030
0484 2422271,
doekm.ksad@kerala.gov.in
തീയതി. 31.12.2016

കെ.എസ്.എഇകെഎം(പി13)2124/2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

**ANNEXURE I**

.

**AUDIT CERTIFICATE**

.

Kerala State Audit Department,
District Audit Office,
Ernakulam,
Civil Stattion , Kakkanad
Pin code – 682030
Ph : 0484-2422271
e-mail :doekm.ksad@kerala.gov.in

KSA-EKM(P13)2124/2016

Date. 31.12.2016

.

Certified that I have audited the Annual Financial Statement of **Kanjoor** Grama panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kanjoor** Grama panchayat for the year **2015-16** except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G)